## പതിമൂന്നാം കേരള നിയമസഭ
## 7-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2558 — 14/02/13-ൽ മറുപടിയ്ക്ക്

## സ്വകാര്യ ഓപ്റ്റിക്കൽ ഷോപ്പുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. കെ. ലതിക | | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ആരോഗ്യവകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലുമായി, എത്ര ഒപ്ടോ മെട്രിക്സുമാർ ജോലിചെയ്യുന്നുണ്ടെന്നുള്ള വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) | ആരോഗ്യവകുപ്പിൽ ജോലിചെയ്യുന്ന ഒപ്ടോമെട്രിസ്റ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. ഡിസ്ട്രിക്ട് ഒപ്താൽമിക് കോ ഓർഡിനേറ്റർ - 15<br>2. സീനിയർ ഒപ്ടോമെട്രിസ്റ്റ് - 66<br>3. ഒപ്ടോമെട്രിസ്റ്റ് ഗ്രേഡ് 1 - 132<br>4. ഒപ്ടോമെട്രിസ്റ്റ് ഗ്രേഡ് 2 - 134<br>-----<br>ആകെ 347<br>======<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 30 ഒപ്താൽമിക് അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | ഇവരിൽ, ആരെങ്കിലും സ്വകാര്യ ഓപ്റ്റിക്കൽ ഷോപ്പ് നടത്തുന്നതായോ സ്വകാര്യ ഓപ്റ്റിക്കൽ ഷോപ്പിൽ പ്രാക്ടീസ് നടത്തുന്നതായോ പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | കോഴിക്കോട് ചെറുവാടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിയമിച്ചിരുന്ന ശ്രീമതി. അഞ്ജലി. ഡി എന്ന ഒപ്ടോമെട്രിസ്റ്റിനെ വർക്കിംഗ് അറേഞ്ച്മെന്റിൽ കൊല്ലം ജില്ലാ ആശുപത്രിയിൽ നിയമിച്ചിരുന്നു. ടിയാന്റെ പേരിൽ കൊല്ലം ജില്ലയിൽ ഒരു ഒപ്റ്റിക്കൽ ഷോപ്പ് ഉണ്ടെന്നും ശ്രീമതി. അഞ്ജലിയുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്യണമെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ശുപാർശ പ്രകാരം ഇവരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്തിട്ടുണ്ട്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഇത്തരം പരാതിയൊന്നും ലഭിച്ചിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ, പ്രസ്തുത പരാതികളിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.